# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 8039

24.07.2012 ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലാ സഹകരണ ബാങ്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകൾക്ക് പുതിയ ബ്രാഞ്ചുകളും തസ്തികകളും അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (എ) കേരള സഹകരണ നിയമം വകുപ്പ് 80 ന് വിധേയമായി അനുബന്ധം III ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് പരമാവധി അനുവദനീയമായ തസ്തികകൾക്ക് വിധേയമായി, ബാങ്കുകളുടെ സാമ്പത്തിക സ്ഥിതികൾ കൂടി കണക്കിലെടുത്ത് തസ്തികകളും, കേരള സഹകരണ നിയമം വകുപ്പ് 74 ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായും സഹകരണ സംഘം രജിസ്ട്രാറുടെ 16.08.2011 ലെ 63/2011 നമ്പർ സർക്കുലർ വ്യവസ്ഥക്ക് അനുസൃതമായും ശാഖകൾ അനുവദിക്കാറുണ്ട്. ബാങ്കിന്റെ പ്രവർത്തനവും അനുവദിച്ച നൽകിയിട്ടുള്ള എല്ലാ ശാഖകളുടെയും പ്രവർത്തനം വിലയിരുത്തിയും അവസാന 3 വർഷം ആരംഭിച്ച ശാഖകളുടെ വിശദമായ അവലോകനം നടത്തിയും ആരംഭിക്കാനുദ്ദേശിക്കുന്ന ശാഖയുടെ പ്രവർത്തന സാധ്യതയെ സംബന്ധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ എന്നിവരുടെ ജോയിന്റ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ശാഖകൾ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നിലവിൽ എത്ര ബ്രാഞ്ചുകളും, ബ്രാഞ്ച് മാനേജർ തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് 46 ശാഖകൾ ഉണ്ട്. ബ്രാഞ്ചുകളിലും ഹെഡാഫീസിലുമായി 46 സൂപ്രണ്ട്/ബ്രാഞ്ച് മാനേജർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ എക്സിക്യൂട്ടീവ് ഓഫീസർ/ഇൻസ്പെക്ടർ ഓഫ് ബ്രാഞ്ചസ്, 'A' ഗ്രേഡ് ശാഖകൾക്ക് അനുവദനീയമായ സീനിയർ മാനേജർ തസ്തികകളിലായി 27 തസ്തികകളും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പുതുതായി ആരംഭിച്ച 8 ബ്രാഞ്ചുകളിൽ മാനേജർ തസ്തിക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് 8 ബ്രാഞ്ചു മാനേജർ തസ്തിക അനുവദിക്കണമെന്ന് അപേക്ഷ നിലവിലുണ്ട്. |
| (ഡി) | എങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ആവശ്യമുള്ള ബ്രാഞ്ച് മാനേജർ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സ്റ്റാഫ് പാറ്റേൺ നിലവിൽ വരുന്ന മുറയ്ക്ക് അതിനനുസൃതമായി അനുവദനീയമായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ